**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 265** | **11-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിൽനിന്നും വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് തടയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2011-16 കാലത്ത് പൊതുവിദ്യാലയങ്ങളിൽനിന്നും വിദ്യാർഥികൾ കൊഴിഞ്ഞുപോയതിന്റെ വിശദാംശങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കുമോ; | (എ) | 2011-16 കാലത്ത് പൊതുവിദ്യാലയങ്ങളിൽ നിന്നും വിദ്യാർഥികൾ കൊഴിഞ്ഞു പോയതിന്റെ വിശദാംശങ്ങൾ വിലയിരുത്തിയിട്ടുണ്ട്.<br><br>2011-12 അധ്യയനവർഷം പൊതുവിദ്യാലയങ്ങളിൽ സർക്കാർ, എയ്ഡഡ്) നിന്നും കൊഴിഞ്ഞുപോയ ആകെ വിദ്യാർത്ഥികളുടെ എണ്ണം 44,104 ആയിരുന്നു. എന്നാൽ 2015-16 അധ്യയനവർഷം ഇത് 7,998 ആയി കുറഞ്ഞിട്ടുണ്ട്. 2015-16 അധ്യയന വർഷം പാലക്കാട് (1028), വയനാട് (1379) ജില്ലകളിലാണ് കൊഴിഞ്ഞുപോക്ക് കൂടുതലായി കാണുന്നത്.<br><br>2011-12 മുതൽ 2015-16 വരെയുള്ള അധ്യയന വർഷങ്ങളിൽ പൊതുവിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞുപോയ വിദ്യാർത്ഥികളുടെ ജില്ലയും വർഷവും തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) | 2016 മുതൽ 2024 വരെയുള്ള കാലഘട്ടത്തിൽ പ്രസ്തുത കൊഴിഞ്ഞുപോക്ക് തടയാനും കൂടുതൽ വിദ്യാർഥികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കാനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 2016 മുതൽ 2024 വരെയുള്ള കാലഘട്ടത്തിൽ പ്രസ്തുത കൊഴിഞ്ഞുപോക്ക് തടയാനും കൂടുതൽ വിദ്യാർഥികളെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കാനും കഴിഞ്ഞിട്ടുണ്ട്.<br><br>2016-17 അധ്യയനവർഷം സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് ഒരു സർവ്വേ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുകയും, കൊഴിഞ്ഞുപോയ കുട്ടികളുടെ കുടുംബങ്ങൾ നേരിട്ട് സന്ദർശിച്ച് കൊഴിഞ്ഞുപോകാനുണ്ടായ കാരണം. കുടുംബത്തിന്റെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലം എന്നിവയെക്കുറിച്ച് സമഗ്ര പഠനം നടത്തുകയും ചെയ്തിരുന്നു. 2016-17 അധ്യയനവർഷം 7110 കുട്ടികളാണ് പൊതുവിദ്യാലയങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | കൊഴിഞ്ഞുപോയതെങ്കിൽ 2023-24 അധ്യയനവർഷം 2,813 കുട്ടികൾ മാത്രമാണ് കൊഴിഞ്ഞുപോയിട്ടുള്ളത്.<br><br>2016-17 മുതൽ 2023-24 വരെയുള്ള അധ്യയന വർഷങ്ങളിൽ പൊതുവിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞുപോയ വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.<br><br>വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന് ഇടയായ കാരണങ്ങൾ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. |
| (സി) | 2011-16 കാലത്ത് അടച്ചുപൂട്ടിയ വിദ്യാലയങ്ങളുടെ വിവരം അറിയിക്കാമോ; | (സി) | 2011-16 കാലത്ത് പൊതുവിദ്യാഭ്യാസമേഖലയിൽ അടച്ചുപൂട്ടിയ 13 വിദ്യാലയങ്ങളാണുള്ളത്. തിരുവനന്തപുരം ജില്ലയിൽ 1 ഉം പത്തനംതിട്ട ജില്ലയിൽ 2 ഉം ആലപ്പുഴയിൽ 2 ഉം കോട്ടയം ജില്ലയിൽ 3 ഉം എറണാകുളം ജില്ലയിൽ 3 ഉം കോഴിക്കോട് 1 ഉം കാസർഗോഡ് 1 ഉം വിദ്യാലയങ്ങളാണ് അടച്ചുപൂട്ടിയത്. കൊല്ലം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ 2011-16 കാലത്ത് അടച്ചുപൂട്ടിയ വിദ്യാലയങ്ങൾ ഇല്ല.<br><br>2011-16 കാലത്ത് അടച്ചുപൂട്ടിയ വിദ്യാലയങ്ങളുടെ പേരുവിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധം 4 ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിദ്യാലയങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിൽ നിലനിർത്തുന്നതിന് 2016 മുതൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ? | (ഡി) | കുട്ടികളുടെ കുറവ് കാരണമാണ് സ്കൂളുകൾ അടച്ചുപൂട്ടുന്ന സ്ഥിതിയുണ്ടായത്. വിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്കൂളിന്റെ തുടർപ്രവർത്തനത്തിന് ആവശ്യമായ എല്ലാവിധ സഹകരണങ്ങളും നൽകിയെങ്കിലും കുട്ടികൾ അഡ്മിഷൻ എടുക്കാത്ത സാഹചര്യത്തിലാണ് സ്കൂളുകൾ പ്രവർത്തനരഹിതമായത്. പ്രസ്തുത വിദ്യാലയങ്ങൾ പൊതു വിദ്യാഭ്യാസ മേഖലയിൽ നിലനിർത്തുന്നതിന് 2016 മുതൽ നടത്തി വരുന്ന പ്രവർത്തനങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 5 ആയി ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**(എ) അനുബന്ധം 1**

2011-12 മുതൽ 2015-16 വരെയുള്ള അധ്യയന വർഷങ്ങളിൽ പൊതുവിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞുപോയ വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| DROPOUT STUDENTS 2011-12 TO 2016-17 ( CLASS I-X ) | | | | | |
|---|---|---|---|---|---|
| District | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
| Thiruvananthapuram | 9931 | 2543 | 655 | 1291 | 306 |
| Kollam | 4719 | 978 | 496 | 1017 | 260 |
| Pathanamthitta | 954 | 374 | 106 | 177 | 64 |
| Alappuzha | 1780 | 523 | 309 | 168 | 176 |
| Kottayam | 1411 | 882 | 512 | 568 | 379 |
| Idukki | 1730 | 1055 | 687 | 919 | 410 |
| Ernakulam | 2355 | 1434 | 567 | 690 | 395 |
| Thrissur | 2383 | 1195 | 768 | 745 | 608 |
| Palakkad | 6169 | 2554 | 1023 | 1302 | 1028 |
| Malappuram | 4545 | 1859 | 1212 | 1246 | 780 |
| Kozhikode | 1882 | 1102 | 730 | 1009 | 708 |
| Wayanad | 2294 | 2054 | 1695 | 1747 | 1379 |
| Kannur | 1644 | 738 | 292 | 615 | 789 |
| Kasaragod | 2307 | 1350 | 767 | 1046 | 716 |
| TOTAL | 44104 | 18641 | 9819 | 12540 | 7998 |

(ബി) അനുബന്ധം 2

2016-17 മുതൽ 2023-24 വരെയുള്ള അധ്യയന വർഷങ്ങളിൽ പൊതുവിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞുപോയ വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

DROPOUT STUDENTS 2016-17 TO 2023-24 (CLASS I-X)

| District | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|---|---|---|
| Thiruvananthapuram | 551 | 479 | 305 | 365 | 10 | 51 | 29 | 51 |
| Kollam | 73 | 201 | 140 | 136 | 4 | 16 | 30 | 45 |
| Pathanamthitta | 49 | 58 | 29 | 4 | 4 | 3 | 29 | 37 |
| Alappuzha | 122 | 67 | 33 | 30 | 10 | 17 | 37 | 58 |
| Kottayam | 429 | 232 | 120 | 167 | 19 | 107 | 29 | 169 |
| Idukki | 696 | 530 | 328 | 305 | 41 | 143 | 274 | 281 |
| Ernakulam | 656 | 546 | 594 | 499 | 117 | 279 | 763 | 634 |
| Thrissur | 341 | 286 | 257 | 67 | 35 | 82 | 114 | 210 |
| Palakkad | 885 | 878 | 474 | 515 | 26 | 129 | 356 | 164 |
| Malappuram | 479 | 628 | 585 | 472 | 13 | 190 | 416 | 261 |
| Kozhikode | 430 | 278 | 221 | 383 | 8 | 59 | 219 | 163 |
| Wayanad | 1290 | 924 | 684 | 554 | 25 | 81 | 261 | 461 |
| Kannur | 488 | 428 | 201 | 178 | 66 | 48 | 92 | 141 |
| Kasaragod | 621 | 407 | 269 | 220 | 19 | 58 | 152 | 138 |
| TOTAL | 7110 | 5942 | 4260 | 3895 | 397 | 1263 | 2801 | 2813 |

(ബി) <u>അനുബന്ധം 3</u>

*കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ*

- പഠനത്തോടുള്ള വിമുഖതയും, മടിയും, അലസതയും, ഉത്തരവാദിത്വരാഹിത്യവും
- വിദ്യാഭ്യാസത്തോടുള്ള രക്ഷിതാക്കളുടെ പ്രതികൂല മനോഭാവം
- ഹൈസ്കൂൾ തലത്തിൽ കൊഴിഞ്ഞുപോയ മിക്ക കുട്ടികൾക്കും ശാസ്ത്രം, ഗണിതം, ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങളോടുള്ള താല്പര്യമില്ലായ്മ ഒരു പ്രധാന കാര്യമാണ്.
- മാതാപിതാക്കളുടെ സ്വരച്ചേർച്ച ഇല്ലായ്മ, വേർപിരിഞ്ഞു പോകുന്ന മാതാപിതാക്കൾ, ശിഥിലമായ കുടുംബ പശ്ചാത്തലം എന്നിവ കുട്ടികളിൽ മാനസിക പ്രശ്നങ്ങൾ ഉണ്ടാക്കുകയും കൊഴിഞ്ഞുപോകലിന് കാരണമായിത്തീ രുകയും ചെയ്യുന്നു.
- പാഠ്യവിഷയങ്ങൾ മറ്റു വിദ്യാർത്ഥികൾക്കൊപ്പം ഉൾക്കൊള്ളാൻ കഴിയാത്തതു കൊണ്ട്.
- ആദിവാസി കോളനികളിലെ ലഹരിവസ്തുക്കളുടെ ഉപയോഗവും, അമിത മദ്യപാനശീലവും.
- സ്കൂളിലേയ്ക്കുള്ള വലിയ ദൂരം, സ്കൂളിലേയ്ക്കുള്ള ദുർഘടം നിറഞ്ഞ വഴി
- യാത്രാസൗകര്യങ്ങളുടെ അഭാവം, സ്കൂളിലേയ്ക്കുള്ള സുരക്ഷിതമല്ലാത്ത യാത്ര,
- സൗഹൃദപരമല്ലാത്ത സ്കൂൾ അന്തരീക്ഷം
- സ്ഥിരമായ അസുഖം
- മാതാപിതാക്കൾ തൊഴിൽ ചെയ്യാത്ത അവസ്ഥ
- അധ്യയനത്തിലെ തുടർച്ചയായ മോശംപ്രകടനം
- കുടുംബത്തിലെ സഹോദരങ്ങളുടെ സംരക്ഷണം/പരിപാലനം
- തുടർച്ചയായ വാസസ്ഥലം മാറൽ
- കുടുംബത്തിലെ അശാന്തമായ അന്തരീക്ഷം
- സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം
- സഹപാഠികളിൽ നിന്നുള്ള മോശം പെരുമാറ്റം.
- അന്യസംസ്ഥാനതൊഴിലാളികളുടെ മക്കളായതിനാൽ ടി-കുട്ടികൾ രക്ഷിതാക്കൾക്കൊപ്പം അവരുടെ നാട്ടിലേയ്ക്ക് തിരിച്ചുപോകുന്നത്.
- തോട്ടം മേഖലയിൽ വാഹനസൗകര്യം കുറവായതും വന്യജീവികളുടെ ആക്രമണവും കാരണം കുട്ടികൾക്ക് സ്കൂളിലേയ്ക്ക് എത്തുന്നതിന് വളരെയധികം പ്രയാസം നേരിടുന്നു.
- ഓരോ കുട്ടികളുടെയും ജീവിതസാഹചര്യങ്ങളെക്കുറിച്ച് അധ്യാപകർക്കും മറ്റും കൃത്യമായ ധാരണയില്ലായ്മ.
- വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെപറ്റി രക്ഷിതാക്കൾക്കും, കുട്ടികൾക്കും അവബോധമില്ലാത്തത്.

- കട്ടപ്പന, മൂന്നാർ, പീരുമേട് തുടങ്ങിയ പ്രദേശങ്ങളിൽ പ്രത്യേകിച്ച് ഊരുമേഖലകളിൽ നിന്നു വരുന്ന കുട്ടികൾ ഓണം, ക്രിസ്തുമസ് തുടങ്ങിയ അവധിക്കാലങ്ങളിൽ ഊരിലേക്ക് പോയാൽ പിന്നെ തിരിച്ചു വരുന്നതിന് വിമുഖത കാണിക്കുന്നുണ്ട്.
- കൊഴിഞ്ഞുപോയ കുട്ടികളിൽ ഒരു വിഭാഗം കുട്ടികൾ മതപഠനത്തിനു മുൻതൂക്കം നൽകി സ്കൂൾ പഠനം നിർത്തിയവരാണ്.
- വയനാട് ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച പഠനങ്ങളിൽ പട്ടികവർഗ്ഗ (അടിയ, പണിയ, കുറുമ, കാട്ടുനായ്ക്ക) വിഭാഗത്തിലാണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ വിദ്യാലയങ്ങളിൽ എത്തിച്ചേരാതെയിരിക്കുന്നത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഇവരിൽ ഭൂരിഭാഗം പേർക്കും ഇല്ല എന്നതാണ് പ്രധാന വസ്തുത.
- കുട്ടികളിലുണ്ടാകുന്ന അനാരോഗ്യം, മാനസിക വൈകല്യങ്ങൾ എന്നിവ കുട്ടികളിൽ പഠന പിന്നോക്കാവസ്ഥ സൃഷ്ടിക്കുകയും, ആയത് കൊഴിഞ്ഞുപോകലിന് കാരണമായി തീരുകയും ചെയ്യുന്നു.
- കൂടാതെ മലയോര മേഖലയിലെ സ്കൂളുകളിലെ കുട്ടികൾ വനവിഭവങ്ങൾ സമാഹരിക്കാനിറങ്ങുന്നത് വഴി സ്കൂളിൽ വരാതാവുകയും ആയത് കൊഴിഞ്ഞു പോകലിന് കാരണമാവുകയും ചെയ്യുന്നു.
- ശാരീരിക വൈകല്യം നേരിടുന്ന കുട്ടികൾ മറ്റു കുട്ടികളിൽ നിന്നുമുണ്ടാകുന്ന പരിഹാസം നിറഞ്ഞ മോശമായ പെരുമാറ്റവും കളിയാക്കലുകളും, നിസ്സാരമെങ്കിലും കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.

*സ്വീകരിച്ച പരിഹാരമാർഗ്ഗങ്ങൾ*

- വാഹനസൗകര്യം കുറവായതും, വന്യജീവികളുടെ ആക്രമണം കാരണവും കുട്ടികൾക്ക് സ്കൂളിൽ എത്തുന്നതിന് പ്രയാസം നേരിടുന്ന സ്ഥലങ്ങളിൽ സ്കൂളിനോട് അനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യവും, വാഹന സൗകര്യവും ഏർപ്പെടുത്തി.
- പട്ടിക ജാതി, പട്ടിക വർഗ്ഗ വിദ്യാർഥികളെ സ്കൂളിലേക്ക് അയക്കുന്നതിന് കൂടുതൽ സഹായവും, മാതാപിതാക്കൾക്ക് മാസം തോറും ഇൻസെന്റീവും നൽകി.
- സ്കൂൾ അധ്യാപകരുടെയും പിടിഎ യുടെയും നേതൃത്വത്തിൽ ക്ലാസ്സിൽ എത്താത്ത കുട്ടികളുടെ വീടുകൾ സന്ദർശിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി.
- സൗജന്യ പഠനം-പാഠപുസ്തകം-യൂണിഫോം-പോഷക സംപുഷ്ടമായ ഭക്ഷണം എന്നിവ കുട്ടികൾക്ക് പ്രയോജനപെടുത്തുന്നതിന് കുട്ടികളെയും രക്ഷിതാക്കളെയും കൂടുതൽ ബോധവാന്മാരാക്കി.
- കുട്ടികൾക്ക് യാത്രാ സൗകര്യം വർദ്ധിക്കുന്നതിനായി റോഡ് നിർമ്മാണം, വാഹനസൗകര്യം, സൗജന്യ വാഹനയാത്ര എന്നിവ ഏർപ്പെടുത്തി.
- കുട്ടികൾക്ക് മെച്ചപ്പെട്ട പഠനാന്തരീക്ഷവും സാമൂഹികാന്തരീക്ഷവും ഒരുക്കുവാൻ രക്ഷിതാക്കളെ ബോധവത്ക്കരണം നടത്തി.
- പഠനം പൂർത്തിയായാൽ ലഭ്യമാകുന്ന ജോലിസാധ്യതകളെ കുറിച്ച് കുട്ടികളെ ബോധവത്ക്കരണം നടത്തി.
- കുട്ടികളെ കൂടുതലായി കോ-കരിക്കുലർ, എക്സ്ട്രാ കരിക്കുലർ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിച്ചു
- ലഹരിമുക്ത ബോധവത്കരണം കുട്ടികൾക്കും, രക്ഷിതാക്കൾക്കും നൽകിയും കുട്ടികളെ സ്കൂളിൽ തിരികെ എത്തിക്കാൻ ബോധവത്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി.

2023-24 അധ്യയനവർഷം ഏറ്റവും കൂടുതൽ വിദ്യാർഥികൾ കൊഴിഞ്ഞുപോയത് എറണാകുളം

(634) ജില്ലയിൽ നിന്നുമാണ്. ഈ പ്രദേശത്താണ് അന്യസംസ്ഥാന തൊഴിലാളികൾ കൂടുതലായി താമസിക്കുന്നത്. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ മക്കൾ രക്ഷാകർത്താക്കൾക്കൊപ്പം അവരുടെ നാട്ടിലേക്ക് തിരികെ പോകുന്നത് കൊഴിഞ്ഞുപോക്കിന് പ്രധാന കാരണമായിട്ടുണ്ട്.

വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച കാരണങ്ങൾ കണ്ടെത്തി അതിനുള്ള പരിഹാരനടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 2016 മുതൽ 2024 വരെയുള്ള കാലഘട്ടത്തിൽ പ്രസ്തുത കൊഴിഞ്ഞുപോക്ക് തടയാനും കൂടുതൽ വിദ്യാർഥികളെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കാനും കഴിഞ്ഞിട്ടുണ്ട്.

(സി) അനുബന്ധം 4

2011-16 കാലത്ത് അടച്ചുപൂട്ടിയ വിദ്യാലയങ്ങളുടെ വിവരങ്ങൾ

| ക്രമ നം | ജില്ല | 2011 -16 വർഷങ്ങളിൽ അടച്ചുപൂട്ടിയ വിദ്യാലയങ്ങളുടെ പേര് വിവരം |
|---|---|---|
| 1 | തിരുവനന്തപുരം | ഗവ:എൽ.പി.എസ് നീലയ്ക്കാമുക്ക് (2013) |
| 2 | കൊല്ലം | ഇല്ല. |
| 3 | പത്തനംതിട്ട | സി.എം.എസ് യു.പി.എസ് അതിരുങ്കൽ (2013) |
| | | എം.റ്റി.എൽ.പി.എസ് തോന്ന്യാമല (2014-15) |
| 4 | ആലപ്പുഴ | ഗവ : ജെ.ബി.എസ് പ്രയാർ (2013) |
| | | എം.ടി.എൽ.പി.എസ് പെരുംകണ്ണാരി (2016) |
| 5 | കോട്ടയം | ഹാജി കെ.എച്ച്.ഖാൻ മെമ്മോറിയൽ എൽ.പി.എസ്, കട്ടകമല, പൊൻകുന്നം (2012) |
| | | കെ.വി.യു.പി എസ് ഇളങ്കുളം (2013) |
| | | മഞ്ചാടിമറ്റം എൽ.പി.എസ്, മരങ്ങാട് (2015-16) |
| 6 | ഇടുക്കി | ഇല്ല |
| 7 | എറണാകുളം | ജി.എൽ.പി.എസ് സെന്റ്. ജോൺ പാട്ടം (2015-16) |
| | | എസ്.ഐ.യു.പി.എസ് കാലൂർ (2012-13) |
| | | സെന്റ്.ഫ്രാൻസിസ് എൽ.പി.എസ് നോർത്ത് കതിയത്തോട് (2015-16). |
| 8 | തൃശ്ശൂർ | ഇല്ല |
| 9 | പാലക്കാട് | ഇല്ല |
| 10 | മലപ്പുറം | ഇല്ല |
| 11 | കോഴിക്കോട് | എ.എൽ.പി.എസ് ചെറുവണ്ണൂർ |
| 12 | വയനാട് | ഇല്ല |
| 13 | കണ്ണൂർ. | ഇല്ല |
| 14 | കാസർഗോഡ് | എ.എൽ.പി.എസ് റാണിപുരം |

(ഡി) അനുബന്ധം 5

2011-16 കാലത്ത് അടച്ചുപൂട്ടിയ വിദ്യാലയങ്ങളുടെ ജില്ല തിരിച്ചുള്ള വിശദീകരണം

| | ജില്ല | വിശദീകരണം |
|---|---|---|
| 1 | തിരുവനന്തപുരം | ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ചും അക്കാദമിക മികവ് ഉറപ്പുവരുത്തിയും പൊതുവിദ്യാലയങ്ങൾ ആകർഷകമാക്കുന്നതിനു പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പോലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |
| 2 | കൊല്ലം | ബാധകമല്ല |
| 3 | പത്തനംതിട്ട | സി.എം.എസ് യു.പി.എസ് അതിരുങ്കൽ 2013 വർഷം കുട്ടികളാരും തന്നെ ഇല്ലാത്ത കാരണത്താൽ അടച്ചുപൂട്ടുകയും തുടർന്ന് 2016 ൽ മതിയായ എണ്ണം കുട്ടികൾ ലഭിച്ചതിനാൽ ടി സ്കൂൾ വീണ്ടും തുറന്ന് പ്രവർത്തിയ്ക്കുകയും ചെയ്തു. നിലവിൽ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി തുടരുന്നു. |
| 4 | ആലപ്പുഴ | - |
| 5 | കോട്ടയം | • കോട്ടയം ജില്ലയിൽ 2011-16 കാലഘട്ടത്തിൽ 3 അൺ എയ്ഡഡ് സ്കൂളുകളും 3 എയ്ഡഡ് സ്കൂളുകളുമാണ് അടച്ചു പൂട്ടിയിട്ടുള്ളത്. കുട്ടികളുടെ എണ്ണത്തിലുള്ള അപര്യാപ്തത മൂലം സ്കൂൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ബുദ്ധിമുട്ട് മൂലമാണ് സ്കൂൾ മാനേജർമാർ സ്കൂളുകൾ നിർത്തലാക്കുന്നതിനുള്ള അപേക്ഷകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളത്. ടി സ്കൂളുകളിൽ കുട്ടികളെ എത്തിച്ച് സ്കൂളിന്റെ തുടർ പ്രവർത്തനം ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിൽ നിന്നും എല്ലാവിധ സഹകരണങ്ങളും നൽകിയിരുന്നെങ്കിലും ഒരു കുട്ടി പോലും അഡ്മിഷൻ എടുക്കാത്ത സാഹചര്യത്തിലാണ് സ്കൂളുകൾ അടച്ചു പൂട്ടേണ്ടി വന്നത്. മേൽ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരെ മറ്റ് സ്കൂളുകളിലേയ്ക്ക് പുനർവിന്യസിക്കുകയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം സ്കൂൾ രേഖകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസുകളിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികളാരും ടി സ്കൂളുകളിൽ വരാത്തതിനാൽ നിലവിൽ സ്കൂളുകൾ പ്രവർത്തനരഹിതമാണ്. |
| 6 | ഇടുക്കി | ബാധകമല്ല |
| 7 | എറണാകുളം | • പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി സർക്കാർ സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കാൻ ബാരിയർ ഫ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകൾക്ക് ഫണ്ട് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലെ പ്രവർത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br>• സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾക്കും, മെയിന്റനൻസിനും സമ്പൂർണ മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകൾക്ക് ഫണ്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലെ പ്രവർത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br>• പൊതുവിദ്യാലയങ്ങളിലെ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളുടെ പരിമിതികൾ മറികടക്കുന്നതിന് സ്കൂളുകളിൽ അനുയോജ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് മോഡൽ ഇൻക്ലൂസീവ് പദ്ധതി. ടി പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കിവരുന്നു.<br>• മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളെ തെരഞ്ഞെടുത്ത് ടി വിദ്യാലയങ്ങളെ അക്കാദമിക നിലവാരത്തിലും, ഭൗതിക നിലവാരത്തിലും ഉയർത്തുന്ന പദ്ധതിയാണ് ഫോക്കസ് സ്കൂൾ പദ്ധതി. വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തൽ, നിരന്തര മൂല്യ നിർണ്ണയത്തിലൂടെ അക്കാദമികേതര പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തിന്റെ മികവ് ഉയർത്തൽ എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ |
| 8 | തൃശ്ശൂർ | ബാധകമല്ല |

| | | |
|---|---|---|
| 9 | പാലക്കാട് | ബാധകമല്ല |
| 10 | മലപ്പുറം | ബാധകമല്ല |
| 11 | കോഴിക്കോട് | കോടതി ഉത്തരവ് പ്രകാരം അടച്ചുപൂട്ടിയത് |
| 12 | വയനാട് | ബാധകമല്ല |
| 13 | കണ്ണൂർ | ബാധകമല്ല |
| 14 | കാസർഗോഡ് | ജനവാസം കുറഞ്ഞ മേഖലയും വന്യ മൃഗശല്യവും കാരണമാണ് സ്കൂൾ അടച്ച് പൂട്ടേണ്ടി വന്നത്. 2012-2013 വർഷത്തിൽ കുട്ടികൾ ഉണ്ടായിരുന്നില്ല. 2013 വർഷത്തിലാണ് സ്കൂൾ അടച്ചുപൂട്ടിയത്. |